പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 468 06-02-2014-ൽ മറുപടിയ്ക്ക്

## നിലമ്പൂർ - വയനാട് വനമേഖലയിൽ വാസമുറപ്പിച്ച സായുധ സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ഇ.പി. ജയരാജൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) പശ്ചിമഘട്ട സംരക്ഷകരെന്ന വ്യാജേന നിലമ്പൂർ-വയനാട് വനമേഖലയിൽ സായുധസംഘങ്ങൾ വേരുറപ്പിക്കുന്നതായുള്ള റിപ്പോർട്ടുകൾ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | (എ) പരിശോധിച്ചിട്ടുണ്ട്. |
| (ബി) മലയോര മേഖലകളിൽ ആദിവാസികളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ലഘുലേഖകൾ ഇറക്കിയും മറ്റ് നിലയിലും ഇവർ പ്രത്യക്ഷപ്പെടുന്നതായി സർക്കാരിന് അറിവുണ്ടോ; വനത്തോട് ചേർന്നുള്ള കോളനികളിലും ജനവാസകേന്ദ്രങ്ങളിലും ഇവർ ഇടയ്ക്ക് പ്രത്യക്ഷപ്പെടുന്നതായും ജനങ്ങളുമായി സമ്പർക്കം പുലർത്തുന്നതായുമുള്ള റിപ്പോർട്ടുകളുടെ വാസ്തവമെന്താണെന്ന് അന്വേഷിക്കുകയുണ്ടായോ; | (ബി) മലയോരമേഖലകളിൽ ആദിവാസികളെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ലഘുലേഖകൾ ഇറക്കിയും മറ്റുനിലയിലും ഇവർ പ്രത്യക്ഷപ്പെടുന്നതായി വിവരം ലഭിച്ചിട്ടുണ്ട്. വനത്തോട് ചേർന്നുള്ള ചില ആദിവാസി കോളനികളിലും, ഒറ്റപ്പെട്ട വീടുകളിലും ഇവർ ഇടയ്ക്ക് പ്രത്യക്ഷപ്പെടുകയും, ചിലയിടങ്ങളിൽ ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണങ്ങൾ നടത്തി വരുന്നു. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നത് മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ ഇടയുള്ളതിനാൽ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |
| (സി) സംശയകരമായ സാഹചര്യത്തിൽ ഇതിനകം കണ്ടെത്തപ്പെട്ടവർ സായുധ സംഘങ്ങളുമായി ബന്ധമുള്ളവരാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (സി) സംശയകരമായ സാഹചര്യത്തിൽ കാണപ്പെട്ടവർ മാവോയിസ്റ്റ് സംഘടനയുടെ പ്രവർത്തകരാണെന്ന് മനസ്സിലായിട്ടുണ്ട്. അന്വേഷണങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ